പതിനാലാം കേരള നിയമസഭ

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 567** 29/11/2018 ൽ മറുപടിക്ക്

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ.ജെ.മാക്സി** | **ശ്രീ. ഇ.പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) വ്യവസായ വകുപ്പിന് കീഴിൽ നിലവിൽ എത്ര പൊതുമേഖല വ്യവസായ സ്ഥാപനങ്ങളാണ് ലാഭകരമായി പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; 2017-18 സാമ്പത്തിക വർഷം പ്രസ്തുത സ്ഥാപനങ്ങൾ ഒരോന്നും നേടിയ വാർഷിക ലാഭം എത്രയാണെന്നും വ്യക്തമാക്കാമോ; | എ) 2018-19 സാമ്പത്തികവർഷം ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള ആഡിറ്റിനുമുൻപുള്ള കണക്കുകൾ പ്രകാരം വ്യവസായ വകുപ്പിൻെറ അധീനതയിൽ അവലോകനത്തിനായി കണക്കാക്കുന്ന 40 പൊതുമേഖലാ സ്ഥാപനങ്ങളിൽ 8 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നു. ലാഭത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനങ്ങൾ 2017-18 സാമ്പത്തിക വർഷത്തിൽ നേടിയ വാർഷിക ലാഭത്തിൻെറ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) നിലവിൽ ലാഭകരമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏതൊക്കെ സ്ഥാപനങ്ങൾ നഷ്ടത്തിലായിരുന്നുവെന്ന വിവരം ലഭ്യമാക്കാമോ; | ബി) നിലവിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ദി കേരള മിനറൽസ് ആൻറ് മെറ്റൽസ് ലിമിറ്റഡ്, ട്രാവൻകൂർ- കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻറർപ്രൈസസ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ കഴിഞ്ഞ സർക്കാരിൻെറ കാലത്ത് (2015-16 ൽ) നഷ്ടത്തിലാണ് പ്രവർത്തിച്ചിരുന്നത്. |
| (സി) നിലവിൽ സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത സ്ഥാപനങ്ങൾ ഓരോന്നും 2017-18 സാമ്പത്തിക വർഷത്തിൽ | സി) 2018-19 സാമ്പത്തികവർഷം ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള ആഡിറ്റിനുമുൻപുള്ള കണക്കുകൾ പ്രകാരം നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ 2017-18 ലെ അവയുടെ വാർഷിക ലാഭനഷ്ടത്തിൻെറ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു. |

വരുത്തിയ വാർഷിക നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ ;

ഡി) ഇത്തരത്തിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനങ്ങളെ ലാഭത്തിൽ എത്തിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു എന്ന വിശദാംശം നൽകുമോ;

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വ്യവസായവകുപ്പിന്റെ അധീനതയിലുള്ള നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം എന്നീ നടപടികൾക്ക് പ്രാമുഖ്യം നൽകി പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്നു. ഇതിനായി ബഡ്ജറ്റിൽ നിന്നും കൂടുതൽ ധനസഹായവും അനുവദിച്ചുവരുന്നു. ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനം വിശദമായി വിശകലനം ചെയ്ത് അനുയോജ്യമായ നവീകരണ വിപുലീകരണ പദ്ധതികളാണ് സർക്കാർ ആവിഷ്ക്കരിച്ചുവരുന്നത്. ചെലവു കുറഞ്ഞതും നൂതനവുമായ സാങ്കേതിക വിദ്യകൾ നടപ്പിലാക്കി ഉൽപ്പാദന സംവിധാനങ്ങളിൽ കാലോചിതമായ നവീകരണ പ്രക്രിയകൾ കൊണ്ടുവന്നും, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യ വത്ക്കരണത്തിലൂടെയും, വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള നൂതനമായ വിപണന സംവിധാനങ്ങൾ ആവിഷ്ക്കരിച്ചും സ്ഥാപനങ്ങളെ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തന അവലോകനം ശക്തിപ്പെടുത്തി ആവശ്യമായ മേഖലകളിൽ സമയബന്ധിതമായി ഇടപെടുവാനും നടപടികൾ സ്വീകരിച്ചുവരുന്നു.

ഇ) ഈ സർക്കാർ അധികാരമേറ്റ സമയത്ത് സംസ്ഥാനത്ത് ഏതൊക്കെ പൊതുമേഖല സ്ഥാപനങ്ങൾ പൂട്ടിക്കിടന്നിരുന്നു എന്നും ആയതുവഴി എത്ര പേർക്ക് തൊഴിൽ നഷ്ടപ്പെട്ടു എന്നും വ്യക്തമാക്കുമോ ;

എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിൽ പൂട്ടിക്കിടന്ന ഏതൊക്കെ പൊതുമേഖല സ്ഥാപനങ്ങളെ പ്രവർത്തനപഥത്തിൽ കൊണ്ടുവരുവാനായെന്നും എത്ര പേരുടെ തൊഴിൽ സംരക്ഷിക്കുവാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കുമോ?

ഇ) ഉം എഫും ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൂട്ടിക്കിടന്നിരുന്ന സ്ഥാപനങ്ങളായ ആസ്ട്രൽ വാച്ചസ് ലിമിറ്റഡ്, കേരളാ ഗാർമെൻറ്സ് ലിമിറ്റഡ്, കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ്, കെൽട്രോൺ പവർ ഡിവൈസസ് ലിമിറ്റഡ്, കെൽട്രോൺ റെക്ടിഫയേഴ്സ് ലിമിറ്റഡ്, സിഡ്കൊ ടെലിവിഷൻസ് ലിമിറ്റഡ്, കേരളാ സ്റ്റേറ്റ് ഡിറ്റർജൻറ്സ് ആൻഡ് കെമിക്കൽസ് ലിമിറ്റഡ്, കേരളാ സ്പെഷ്യൽ റിഫ്രാക്ടറീസ് ലിമിറ്റഡ് എന്നിവയെല്ലാം തന്നെ ദീർഘകാലമായി പ്രവർത്തനരഹിതമായവയാണ്. ജീവനക്കാരെല്ലാം സ്വയം വിരമിക്കൽ പദ്ധതി പ്രകാരം മുൻ കാലങ്ങളിൽ തന്നെ പിരിഞ്ഞുപോയിട്ടുണ്ട്. ഇവയുടെ പ്രവർത്തനം നിർത്തലാക്കി ലിക്വിഡേഷൻ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി കേരളാ സ്പെഷ്യൽ റിഫ്രാക്ടറീസിന്റെ മാനേജിംഗ് ഡയറക്ടറെ സ്പെഷ്യൽ ഓഫീസറായി ചുമതലപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

(ഒപ്പ്)
സെക്ഷൻ ഓഫീസർ

അനുബന്ധം 1

രൂപ ലക്ഷത്തിൽ

| Sl.No | Company | April-Oct 2018 (Provisional) | 2017-18 (Provisional) |
|---|---|---|---|
| | | Net Profit | Net Profit / Loss |
| 1 | The Kerala Minerals and Metals Ltd | 9193.74 | 19,578.03 |
| 2 | Travancore-Cochin Chemicals Ltd | 1820.49 | 3,317.00 |
| 3 | Kerala State Industrial Development Corporation Ltd | 1651.53 | 3,622.44 |
| 4 | Travancore Titanium Products Ltd | 1610.17 | 1,883.41 |
| 5 | Kerala State Drugs and Pharmaceuticals Ltd | 264.68 | 211.54 |
| 6 | Kerala State Handloom Development Corporation Ltd | 249.09 | -248.26 |
| 7 | Kerala State Industrial Enterprises Ltd | 28.61 | 163.70 |
| 8 | Steel Industrials Kerala Ltd | 9.09 | 25.45 |

സെക്ഷൻ ഓഫീസർ

അനുബന്ധം II

രൂപ ലക്ഷത്തിൽ

| Sl. No | Company | April- October 2018 | 2017-18 |
|---|---|---|---|
| | | Net Loss | Net Profit / Loss |
| 1 | Kelpalm | -4.64 | -25.55 |
| 2 | Kerala Mineral Development Corporation Ltd | -13.13 | -10.14 |
| 3 | Kerala Artisans' Development Corporation | -37.38 | 55.12 |
| 4 | Forest Industries (Travancore) Ltd | -44.34 | 12.76 |
| 5 | HANTEX | -55.69 | -581.81 |
| 6 | The Metal Industries Ltd | -61.17 | -148.51 |
| 7 | Keltron Electro Ceramics Ltd | -84.12 | 39.72 |
| 8 | Keltron Component Complex Ltd | -181.77 | -145.00 |
| 9 | Trivandrum Spinning Mills Ltd | -184.96 | -241.70 |
| 10 | Handicrafts Development Corporation (Kerala) Ltd | -235.87 | -290.89 |
| 11 | United Electrical Industries Ltd. | -239.78 | -806.31 |
| 12 | Kerala Clays and Ceramic Products Ltd | -256.67 | -483.16 |
| 13 | The Kerala Ceramics Ltd | -300.16 | -511.09 |
| 14 | The Malappuram Co-operative Spinning Mills Ltd. | -316.72 | -605.53 |
| 15 | Kerala Automobiles Ltd | -323.57 | -644.81 |
| 16 | The Trichur Co-operative Spinning Mills Ltd | -368.48 | -675.57 |
| 17 | Sitaram Textiles Ltd | -388.63 | -588.74 |
| 18 | Alleppey Co-operative Spinning Mills Ltd | -488.76 | -861.46 |
| 19 | The Cannannore Co-operative Spinning Mills Ltd | -518.81 | -651.82 |
| 20 | The Quilon Co-operative Spinning Mills Ltd | -536.39 | -890.24 |
| 21 | Steel and Industrial Forgings Ltd | -563.04 | 240.00 |
| 22 | Traco Cable Company Ltd | -581.46 | -575.17 |
| 23 | Autokast Ltd | -640.7 | -1223.33 |
| 24 | The Travancore Cements Ltd | -667 | -1132.00 |
| 25 | Kerala State Bamboo Corporation Ltd | -672.17 | -977.29 |
| 26 | Kerala Small Industries Development Corporation Ltd | -843.69 | -979.40 |
| 27 | Kerala Electrical and Allied Engineering Company Ltd | -917.82 | -1734.68 |
| 28 | SAIL-SCL Kerala Ltd | -927.26 | -1489.95 |
| 29 | Transformers and Electricals Kerala Ltd | -1107.56 | 657.01 |
| 30 | Kerala State Electronics Development Corporation Ltd | -1139.4 | 350.54 |
| 31 | Kerala State Textile Corporation Ltd | -1795.65 | -3160.45 |
| 32 | Malabar Cements Ltd | -2006.79 | 216.80 |

സെക്ഷൻ ഓഫീസർ